**ഡീലിമിറ്റേഷൻ കമ്മീഷൻ, കേരളം**
**ഉത്തരവ്**

നമ്പർ: എസ്ഡിസി/1098/2024/എസ്ഡിസി1 തിരുവനന്തപുരം, 26.05.2025

2024 സെപ്റ്റംബർ 11 ലെ 2920-ാം നമ്പർ അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നമ്പർ 813/2024 ആയി പ്രസിദ്ധപ്പെടുത്തിയ 10.09.2024 ലെ സ.ഉ.(അച്ചടി) നം.49/2024/ത.സ്വ.ഭ.വ നമ്പർ വിജ്ഞാപനപ്രകാരം എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പൽ കൗൺസിലിൽ നേരിട്ടുള്ള തിരഞ്ഞെടുപ്പിലൂടെ നികത്തേണ്ടതായ സ്ഥാനങ്ങളുടെ എണ്ണം 30 ആയി നിശ്ചയിച്ചിട്ടുള്ളതും, അതിൻറെ അടിസ്ഥാനത്തിൽ പ്രസ്തുത മുനിസിപ്പാലിറ്റിയെ അത്രയും വാർഡുകളായി വിഭജിക്കുന്നതിനും, അപ്രകാരമുള്ളവാർഡുകളുടെ അതിർത്തികൾ നിർണ്ണയിക്കുന്നതിനുമുള്ള കരട് നിർദ്ദേശങ്ങൾ 18.11.2024 തീയതിയിലെ എസ്ഡിസി/1098/2024/എസ്ഡിസി1 നമ്പർ വിജ്ഞാപന പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും; പ്രസ്തുത നിർദ്ദേശങ്ങളെ സംബന്ധിച്ച് ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിന് 4.12.2024 വരെ സമയം അനുവദിക്കുകയും അപ്രകാരം ലഭിച്ച ആക്ഷേപങ്ങളും അഭിപ്രായങ്ങളും അന്വേഷണ വിധേയമാക്കുകയും പരാതിക്കാരെ മുഖതാവിൽ കേൾക്കുകയും അവ പരിഗണിച്ച് തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാകയാൽ; 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ 69-ാം വകുപ്പ് പ്രകാരം എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ മുനിസിപ്പാലിറ്റിയെ ഇതിനോടൊപ്പം ചേർത്തിട്ടുള്ള പട്ടികയിൽ കാണിച്ചിരിക്കും പ്രകാരം 30 വാർഡുകളായി വിഭജിച്ച് അതിർത്തികൾ നിർണ്ണയിച്ച് അന്തിമ ഉത്തരവു പുറപ്പെടുവിക്കുന്നു.

| (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) | (ഒപ്പ്) |
|---|---|---|---|---|
| എ.ഷാജഹാൻ | രത്തൻ.യു.ഖേൽക്കർ | കെ.ബിജു | ഹരികിഷോർ എസ് | കെ.വാസുകി |
| (ചെയർമാൻ) | (മെമ്പർ) | (മെമ്പർ) | (മെമ്പർ) | (മെമ്പർ) |

**വാർഡ് വിഭജന പട്ടിക**

**നോർത്ത് പറവൂർ മുനിസിപ്പാലിറ്റി**

| വാർഡിൻറെ നമ്പരും പേരും | തിട്ടപ്പെടുത്തിയ ജനസംഖ്യ | | അതിർത്തികൾ |
|---|---|---|---|
| 1 | 2 | | 3 |
| 01- മാട്ടുമ്മൽ | 1,053 | വടക്ക് - | മാട്ടുമ്മൽ തുരുത്തിന് വടക്ക് വശം പറവൂർ പുഴയോട് ചേർന്ന് പുഴയ്ക്ക് വടക്കുവശമുള്ള കരയിൽ ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് (തോട്) പുതിയ NH ബൈപാസ് വരെ |
| | | കിഴക്ക് - | പുതിയ NH ബൈപാസ്സിൽ പറവൂർ നഗരസഭ -ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി (തോട്) മുതൽ SB ഏജൻസിസ് ടൈൽസ് & ഗ്രാനൈറ്റ്സിന് സമീപം പടിഞ്ഞാറോട്ട് തിരിയുന്ന റോഡ് വരെയുള്ള NH ബൈപാസിന്റെ ഭാഗം |
| | | തെക്ക് - | SB ഏജൻസിസിന്റെ സമീപം NH ബൈപാസിൽ നിന്ന് പടിഞ്ഞാറോട്ടുള്ള റോഡ് ചേർന്ന് മഹാത്മ റോഡ് എത്തുന്നതിന് മുൻപ് വടക്ക് തിരിഞ്ഞ് |

| | | | | |
|---|---|---|---|---|
| | | | | ലിങ്ക് റോഡിലൂടെ അണ്ടിശ്ശേരി ടെമ്പിൾ റോഡിലൂടെ പുത്തൻ  തോട് വരെ |
| | | | പടിഞ്ഞാറ് - | പുത്തൻ തോടിനോട് ചേർന്ന് പറവൂർ പുഴയിലേക്കും അവിടെനിന്ന്  മാട്ടുമ്മൽ തുരുത്ത് ചുറ്റി വടക്ക് വശം വരെയും |
| 02- | കുറുന്തോട്ടിപ്പറമ്പ് | 991 | വടക്ക് - | പുതിയ NH ബൈപാസിൽ പറവൂർ നഗരസഭ - ചിറ്റാട്ടുകര പഞ്ചായത്ത് അതിർത്തിയോട് (തോട്) മുതൽ അതേ അതിർത്തിയോട് ചേർന്ന് തന്നെ NH 66 വരെ |
| | | | കിഴക്ക് - | പറവൂർ പാലത്തിന് വടക്ക്  NH 66 ൽ പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി മുതൽ NH 66 നോട് ചേർന്ന് പാലത്തിന്റെ തെക്കേ ഭാഗത്ത് വൺവേയിലോട്ടും അവിടെ നിന്ന് വൃന്ദാവൻ ടൗൺ ഹാൾ റോഡിലൂടെ മരിയ കാറ്ററിംഗിന് സമീപം പാർക്ക് വ്യൂ റോഡിലോട്ടും ടി. റോഡിനോട് ചേർന്ന് സെമിത്തേരിക്ക് സമീപം റിപ്പബ്ലിക് റോഡ് വരെയും |
| | | | തെക്ക് - | സെമിത്തേരിക്ക് സമീപമുള്ള റിപ്പബ്ലിക് റോഡിൻറെ ഭാഗം മുതൽ പടിഞ്ഞാറോട്ട് നിർദ്ധിഷ്ട പെരുമ്പടന്ന അണ്ടർപാസ് വരെയും അവിടെ നിന്ന് റിപ്പബ്ലിക് റോഡിലൂടെ  റോസ് ലെയിനിന് എതിർവശമായി റിപ്പബ്ലിക് റോഡിൽ നിന്ന് വടക്കോട്ടുള്ള  റോഡ് ചേർന്ന് ഇൻഫെന്റ് ജീസസ് ലിങ്ക് റോഡിലേക്കും അവിടെ നിന്ന് ടി. റോഡ് ചേർന്ന് NH ബൈപാസിലേക്കും |
| | | | പടിഞ്ഞാറ് - | ഇൻഫെന്റ് ജീസസ് ലിങ്ക് റോഡ് NH ബൈപാസിൽ ചേരുന്ന ഭാഗം മുതൽ ബൈപാസിനോട് ചേർന്ന് പറവൂർ പുഴയ്ക്ക് വടക്ക് വശം ബൈപാസിൽ പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി (തോട്) വരെ |
| 03- | മാർക്കറ്റ് | 1,134 | വടക്ക് - | പറവൂർ നഗരസഭ - ചിറ്റാറ്റുകര ഗ്രാമപഞ്ചായത്ത് അതിർത്തി (തോട്) ചേർന്ന് കിഴക്കോട്ട് പറവൂർ പുഴയുടെ വടക്കോട്ടുള്ള  കൈവഴി വരെയും അവിടെ നിന്ന് പറവൂർ പുഴയിലൂടെ കിഴക്കോട്ട് നീങ്ങി തെക്ക് AEO ഓഫീസ് റോഡിലേക്ക് കയറുന്ന ഭാഗം വരെ |
| | | | കിഴക്ക് - | പറവൂർ പുഴയിൽ നിന്ന് തെക്ക് AEO ഓഫീസ് റോഡിലൂടെ NH 66 ന്റെ ബാവ പള്ളിക്ക് സമീപമുള്ള ഭാഗം വരെ |
| | | | തെക്ക് - | ഭാവ പള്ളിക്ക് സമീപം NH 66 ചേർന്ന് ജോയ് വെസ്സൽസിന് സമീപം തെക്കോട്ടുള്ള കൊട്ടാരപ്പാട്ട് ടെമ്പിൾ റോഡിലൂടെ പാർക്ക് വ്യൂ റോഡിലേക്കും അവിടെനിന്ന് മരിയ കാറ്ററിംഗിന് സമീപം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | | വൃന്ദാവൻ റോഡിലേക്ക് കയറുന്ന ഭാഗം വരെ |
| | | | പടിഞ്ഞാറ് - | മരിയ കാറ്ററിംഗിന് സമീപം മുതൽ വൃന്ദാവൻ ടൗൺ ഹാൾ റോഡിലൂടെ NH 66 ലേക്കും അതുവഴി പറവൂർ പാലത്തിന് വടക്ക് വശം പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി വരെ |
| 04- | കണ്ണൻകുളങ്ങര | 1,058 | വടക്ക് - | പറവൂർ പുഴയ്ക്ക് വടക്ക് വശം പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി ചേർന്ന് തുരുത്തുമ്മൽ ലൈൻ വരെയും അവിടെ നിന്ന് തുരുത്തുമ്മൽ റിവർ ലിങ്ക് റോഡ് വഴി പറവൂർ വരെയും |
| | | | കിഴക്ക് - | പറവൂർ പുഴയ്ക്ക് തെക്ക് കാളപ്പടി കനാൽ - കാരക്കാട്ട് സ്ട്രീറ്റിലൂടെ അമ്മൻ കോവിൽ റോഡ് വരെ |
| | | | തെക്ക് - | അമ്മൻ കോവിൽ റോഡ് ചേർന്ന് കണ്ണൻകുളങ്ങര ക്ഷേത്രത്തിന് തെക്ക് വശമായി NH 66 വരെയും അവിടെ നിന്ന് AEO ഓഫീസ് റോഡ് ചേരുന്ന ഭാഗം വരെയും |
| | | | പടിഞ്ഞാറ് - | AEO ഓഫീസ് റോഡ് വഴി വടക്ക് പറവൂർ പുഴവരെയും അവിടെ നിന്ന് പടിഞ്ഞാറ് പുഴയുടെ  കൈവഴിയിലൂടെ പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി വരെയും |
| 05- | ടൗൺ ഹാൾ | 1,100 | വടക്ക് - | ജോയ് വെസ്സൽസിന് സമീപം മുതൽ NH 66 ചേർന്ന് ബാവ പള്ളി, കണ്ണൻകുളങ്ങര ക്ഷേത്രം എന്നിവ തെക്ക് വശമായി ചുറ്റി കാരക്കാട്ട് സ്ട്രീറ്റിനോട് ചേർന്ന  അമ്മൻ കോവിൽ റോഡിന്റെ ഭാഗം വരെ |
| | | | കിഴക്ക് - | കാരക്കാട്ട് സ്ട്രീറ്റിനോട് ചേർന്ന അമ്മൻ കോവിൽ റോഡിന്റെ ഭാഗം മുതൽ തെക്കോട്ട് ആലുവ പറവൂർ റോഡിൽ പ്രവേശിച്ച് പടിഞ്ഞാറ് മുനിസിപ്പൽ ജംഗ്ഷൻ വരെയും അവിടെനിന്ന് NH 66 വഴി KMK ജംഗ്ഷൻ വരെയും |
| | | | തെക്ക് - | KMK ജംഗ്ഷൻ മുതൽ റിപ്പബ്ലിക് റോഡ് ചേർന്ന് സെമിത്തേരിക്ക് സമീപം പാർക്ക് വ്യൂ റോഡ് ചേരുന്ന ഭാഗം വരെ |
| | | | പടിഞ്ഞാറ് - | സെമിത്തേരിക്ക് സമീപം പാർക്ക് വ്യൂ റോഡ് ചേർന്ന് കൊട്ടാരപ്പാട്ട് ടെമ്പിൾ റോഡ് ചേരുന്ന ഭാഗം വരെയും അവിടെ നിന്ന് കൊട്ടാരപ്പാട്ട് അമ്പലം റോഡ് വഴി ജോയ് വെസ്സൽസിന് സമീപം NH 66 ചേരുന്ന ഭാഗം വരെയും |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 06- | പല്ലംതുരുത്ത് | 1,053 | വടക്ക് - | പറവൂർ പുഴയ്ക്ക് വടക്ക് തുരുത്തുമ്മൽ ലൈൻ മുതൽ പറവൂർ നഗരസഭ - ചിറ്റാറ്റുകാര പഞ്ചായത്ത് അതിർത്തി ചേർന്ന് കുറ്റിച്ചിറപ്പാടം പാലം കടന്ന് കിഴക്കോട്ട് പറവൂർ - ചില്ലികൂടം തോടിന് എതിർവശമായുള്ള വടക്ക് കരഭാഗം വരെയും അവിടെനിന്ന് പറവൂർ പുഴയിലൂടെ പടിഞ്ഞാറോട്ട് കുറ്റിച്ചിറപ്പാടം പാലം വരെയും |
| | | | കിഴക്ക് - | കുറ്റിച്ചിറപ്പാടം പാലത്തിന് തെക്കായി കുറ്റിച്ചിറപ്പാടം റോഡ് ചേർന്ന് BEVCO ഔട്ട്ലെറ്റിന് സമീപമുള്ള ജംഗ്ഷൻ വരെയും അവിടെ നിന്ന് കിഴക്കോട്ട് ജനത റോഡ് ചേർന്ന് ബസ് സ്റ്റാൻഡ് റോഡ് വരെയും അവിടെനിന്ന് തെക്കോട്ട് ആലുവ പറവൂർ റോഡിൽ ചേരുന്ന ഭാഗം വരെയും |
| | | | തെക്ക് - | പ്രൈവറ്റ് ബസ് സ്റ്റാൻഡ് മുതൽ പറവൂർ ആലുവ റോഡ് ചേർന്ന് പടിഞ്ഞാറോട്ട് അമ്മൻ കോവിൽ റോഡ് ചേരുന്ന ഭാഗം വരെ |
| | | | പടിഞ്ഞാറ് - | അമ്മൻ കോവിൽ റോഡ് ചേർന്ന് വടക്കോട്ട് കാരക്കാട്ട് സ്ട്രീറ്റ് വരെയും അവിടെ നിന്ന് വടക്കോട്ട് പാലസ് റോഡ്-കാളപ്പടി കനാൽ റിവർ ലിങ്ക് വരെയും അവിടെനിന്ന് നേർദിശയിൽ പറവൂർ പുഴയിലൂടെ വടക്ക് തുരുത്തുമ്മൽ റിവർ ലിങ്ക് റോഡ് പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തിയിൽ ചേരുന്നത് വരെയും |
| 07- | കോടതി | 1,036 | വടക്ക് - | മുനിസിപ്പൽ ജംഗ്ഷൻ മുതൽ ആലുവ പറവൂർ റോഡ് ചേർന്ന് ചേന്ദമംഗലം ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | ചേന്ദമംഗലം ജംഗ്ഷനിൽനിന്ന് പുല്ലംകുളം റോഡ് ചേർന്ന് പുല്ലംകുളം സ്കൂളിന് സമീപം ഫോർട്ട് റോഡ് വരെ |
| | | | തെക്ക് - | പുല്ലംകുളം സ്കൂളിന് സമീപം ഫോർട്ട് റോഡ് ചേർന്ന് KMK ജംഗ്ഷൻ വരെ |
| | | | പടിഞ്ഞാറ് - | KMK ജംഗ്ഷൻ മുതൽ NH 66 ചേർന്ന് മുനിസിപ്പൽ ജംഗ്ഷൻ വരെ |
| 08- | ബസ് സ്റ്റാൻഡ് | 1,128 | വടക്ക് - | പറവൂർ - ചില്ലിക്കൂടം തോടിന് എതിർവശമായി പറവൂർ പുഴയുടെ വടക്ക് കരഭാഗത്ത് പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി ചേർന്ന് കിഴക്കുമാറി പുഴയുടെ വടക്കോട്ടുള്ള കൈവഴിക്ക് മുൻപായി പറവൂർ പുഴയിലൂടെ ചേന്ദമംഗലം പാലം കടന്ന് പഷ്ണി തോട് ചേരുന്ന ഭാഗം വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | കിഴക്ക് - | പറവൂർ പുഴയിൽ ചേരുന്ന ഭാഗം മുതൽ പഷ്ണി തോട് ചേർന്ന് തെക്കോട്ട് പൂതയിൽ പാലം വരെയും അവിടെനിന്ന് പടിഞ്ഞാറോട്ട് പുഴയോരം റോഡ് ചേർന്നും അവിടെ നിന്ന് തെക്കോട്ട് പൂതയിൽ റോഡ് ചേർന്നും പട്ടാളം പള്ളിക്ക് സമീപം വരെയും അവിടെനിന്ന് ഫയർ സ്റ്റേഷൻ റോഡ് ചേർന്നും പാലിയം റോഡ് ചേർന്നും ചേന്ദമംഗലം ജംഗ്ഷൻ വരെയും |
| | | | തെക്ക് - | ചേന്ദമംഗലം ജംഗ്ഷൻ മുതൽ ആലുവ പറവൂർ റോഡ് ചേർന്ന് പ്രൈവറ്റ് ബസ് സ്റ്റാൻഡ് വരെ |
| | | | പടിഞ്ഞാറ് - | പ്രൈവറ്റ് ബസ് സ്റ്റാൻഡ് റോഡ് ചേർന്ന് വടക്കോട്ട് ജനത റോഡ്ചേരുന്ന ഭാഗം വരെയും അവിടെനിന്ന് ജനത റോഡ് ചേർന്ന് പടിഞ്ഞാറോട്ടും BEVCO ഔട്ട്ലെറ്റിന് സമീപമുള്ള ജംഗ്ഷനിൽ നിന്ന് വടക്കോട്ട് കുറ്റിച്ചിറപ്പാടം റോഡ് ചേർന്ന് കുറ്റിച്ചിറപ്പാടം പാലം വരെയും അവിടെനിന്ന് പറവൂർ പുഴയിലൂടെ പറവൂർ -ചില്ലിക്കൂടം തോട് പുഴയിൽ ചേരുന്ന ഭാഗം വരെയും |
| 09- | ഫയർ സ്റ്റേഷൻ | 966 | വടക്ക് - | പറവൂർ-ചില്ലിക്കൂടം തോട് പറവൂർ പുഴയിൽ ചേരുന്ന ഭാഗം മുതൽ വടക്ക് കുമാരമംഗലം കരയിൽ നഗരസഭ - പഞ്ചായത്ത് അതിർത്തി ചേർന്ന് നമ്പിയാരുപറമ്പിൽ മുത്തപ്പൻ ക്ഷേത്രത്തിന് പടിഞ്ഞാറായി പറവൂർ പുഴ വരെ |
| | | | കിഴക്ക് - | പുഞ്ചയിൽ സമന്വയ റോഡ് ചേർന്ന് മാർ ഗ്രിഗോറിയസ് കോളേജ് റോഡ് കയറി കിഴക്ക് മാറി വെടിമറ പള്ളി റോഡ് വരെ |
| | | | തെക്ക് - | ഫയർ സ്റ്റേഷൻ റോഡ് |
| | | | പടിഞ്ഞാറ് - | ഫയർ സ്റ്റേഷൻ റോഡ് നിന്ന് വടക്കോട്ട് പൂതയിൽ പാലം വഴിയുള്ള റോഡിലൂടെ പഷ്ണി തോട് വരെയും അവിടെനിന്ന് വടക്കോട്ട് പറവൂർ പുഴ വരെ |
| 10- | വെടിമറ | 1,022 | വടക്ക് - | പറവൂർ പുഴ |
| | | | കിഴക്ക് - | പറവൂർ നഗരസഭ - ചിറ്റാറ്റുകര പഞ്ചായത്ത് അതിർത്തി ചേർന്ന് പറവൂർ പുഴ മുതൽ പെരുവാരം മന്നം റോഡ് വരെ |
| | | | തെക്ക് - | പെരുവാരം മന്നം റോഡ് |
| | | | പടിഞ്ഞാറ് - | വെടിമറ വാണിയക്കാട് റോഡിലൂടെ വെടിമറ ജംഗ്ഷൻ വരെയും അവിടെനിന്ന് ആലുവ പറവൂർ റോഡ് വഴി ഫയർ സ്റ്റേഷൻ ലിങ്ക് റോഡിലേക്കും തുടർന്ന് ഫയർ സ്റ്റേഷൻ റോഡ് ചേർന്ന് കിഴക്കോട്ട് വെടിമറ പള്ളി വരെയും അവിടെനിന്ന് വടക്കോട്ട് നീങ്ങി പടിഞ്ഞാറ് മാറിയതിന് |

| | | | | |
|---|---|---|---|---|
| | | | | ശേഷം പുഞ്ചയിൽ സമന്വയ റോഡ് വഴി പറവൂർ പുഴയിലേക്ക് |
| 11- | അംബേദ്കർ പാർക്ക് | 997 | വടക്ക് - | ചേന്ദമംഗലം ജംഗ്ഷൻ മുതൽ ആലുവ പറവൂർ റോഡ് ചേർന്ന് സി. മാധവൻ റോഡ് ചേരുന്ന ഭാഗം വരെ |
| | | | കിഴക്ക് - | സി. മാധവൻ റോഡ് ചേർന്ന് ടി. റോഡ് ചേർന്ന് കിഴക്കോട്ട് പഷ്ണിത്തോട് വരെയും അവിടെ നിന്ന് തോട് ചേർന്ന് പെരുവാരം ഈസ്റ്റ് ബ്രിഡ്ജ് വരെയും |
| | | | തെക്ക് - | പെരുവാരം  ഈസ്റ്റ് പാലം മുതൽ പെരുവാരം - മന്നം റോഡ് ചേർന്ന് പെരുവാരം ക്ഷേത്രം വടക്കേ നട ചുറ്റി പടിഞ്ഞാറേ നടയ്ക്ക് സമീപമുള്ള അംബേദ്കർ പാർക്ക് റോഡ് വരെ |
| | | | പടിഞ്ഞാറ് - | പെരുവാരം ക്ഷേത്രം പടിഞ്ഞാറേ നടയ്ക്ക് സമീപം അംബേദ്കർ പാർക്ക് റോഡ് ചേർന്ന് പുല്ലംകുളം സ്കൂൾ ജംഗ്ഷൻ വരെയും അവിടെ നിന്ന് പുല്ലംകുളം റോഡ് ചേർന്ന് ചേന്ദമംഗലം ജംഗ്ഷൻ വരെയും |
| 12- | പള്ളിത്താഴം | 960 | വടക്ക് - | പുഴയോരം റോഡ് ചേർന്ന് പൂതയിൽ പാലം കടന്ന് കിഴക്കോട്ട് മാറി തെക്ക് നീങ്ങി ഫയർ സ്റ്റേഷൻ റോഡ് വരെ |
| | | | കിഴക്ക് - | ഫയർ സ്റ്റേഷൻ റോഡ് മുതൽ ഫയർ സ്റ്റേഷൻ ലിങ്ക് റോഡിലൂടെ തെക്ക് ആലുവ പറവൂർ മെയിൻ റോഡിലേക്കും അവിടെനിന്ന് ജൂബിലി ഹോം റോഡ് വഴി ജൂബിലി ഹോമിന്റെ തെക്ക് വെച്ച് പഷ്ണി തോട് വരെയും അവിടെനിന്ന് തെക്കോട്ട് പടമടം - സി. മാധവൻ ലിങ്ക് റോഡ് ചേരുന്നത് വരെ |
| | | | തെക്ക് - | പടമടം-സി. മാധവൻ റോഡ് ലിങ്ക് റോഡ് വഴി പടിഞ്ഞാറ് നീങ്ങി സി. മാധവൻ റോഡ് വഴി വടക്കോട്ട് ആലുവ പറവൂർ മെയിൻ റോഡ് വരെയും അവിടെനിന്ന് ചേന്ദമംഗലം ജംഗ്ഷൻ വരെയും |
| | | | പടിഞ്ഞാറ് - | ചേന്ദമംഗലം ജംഗ്ഷന് വടക്കോട്ട് പാലിയം റോഡ് വഴി ഫയർ സ്റ്റേഷൻ റോഡ് കയറി വടക്കോട്ട് പൂതയിൽ റോഡ് ചേർന്ന് പുഴയോരം റോഡ് ചേരുന്നത് വരെ |
| 13- | ശാന്തി നഗർ | 997 | വടക്ക് - | ചൈത്രം ഫുഡ് കോർട്ടിന് സമീപം ആലുവ പറവൂർ റോഡ് ചേർന്ന് വെടിമറ ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | വെടിമറ ജംഗ്ഷനിൽ നിന്ന് വാണിയക്കാട് റോഡ് ചേർന്ന് നന്ദികുളങ്ങര ജംഗ്ഷൻ വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | തെക്ക് - | നന്ദികുളങ്ങര ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് പെരുവാരം മന്നം റോഡ് ചേർന്ന് പെരുവാരം ഈസ്റ്റ് ബ്രിഡ്ജ് വരെ |
| | | | പടിഞ്ഞാറ് - | പെരുവാരം ഈസ്റ്റ് ബ്രിഡ്ജിൽ നിന്ന് വടക്കോട്ട് പഷ്ണി തോട് ചേർന്ന് ജൂബിലി ഹോമിന്റെ തെക്ക് വരെയും അവിടെനിന്ന് കിഴക്കുനീങ്ങി ജൂബിലി ഹോം റോഡ് ചേർന്ന് ആലുവ പറവൂർ മെയിൻ റോഡ് വരെയും |
| 14- | നന്ദികുളങ്ങര | 1,016 | വടക്ക് - | പെരുവാരം മന്നം റോഡിന്റെ കൃഷ്ണവിലാസം റോഡ് ചേരുന്ന ഭാഗം മുതൽ കിഴക്കോട്ട് ടി. റോഡിൽ നന്ദികുളങ്ങര ജംഗ്ഷന് കിഴക്കുവശത്തായി പറവൂർ നഗരസഭ - കൊട്ടുവള്ളി പഞ്ചായത്ത് അതിർത്തി വരുന്ന ഭാഗം വരെ |
| | | | കിഴക്ക് - | പെരുവാരം മന്നം റോഡിൽ പറവൂർ നഗരസഭ - കൊട്ടുവള്ളി പഞ്ചായത്ത് അതിർത്തി, SNDP റോഡ് എന്നിവ ചേർന്ന് തെക്കോട്ട് നാസർ ചിപ്സിന് സമീപം വരെ |
| | | | തെക്ക് - | നാസ്സർ ചിപ്സിന് സമീപം വടക്കോട്ട് നന്ദികുളങ്ങര - വാണിയക്കാട് റോഡ് വരെയും അവിടെനിന്ന് പടിഞ്ഞാറ് മാറി സ്റ്റേറ്റ് വെയർഹൌസ് വരെ |
| | | | പടിഞ്ഞാറ് - | സ്റ്റേറ്റ് വെയർഹൗസിന് സമീപം വടക്കോട്ട് കൃഷ്ണവിലാസം റോഡ് ചേർന്ന് പെരുവാരം മന്നം റോഡ് വരെ |
| 15- | കിഴക്കേപ്രം ഈസ്റ്റ് | 986 | വടക്ക് - | പെരുവാരം ഈസ്റ്റ് ബ്രിഡ്ജിന് കിഴക്ക് വശം പെരുവാരം മന്നം റോഡ് ചേർന്ന് കാർത്തികവിലാസം റോഡ് വരെ |
| | | | കിഴക്ക് - | കാർത്തികവിലാസം റോഡ് ചേർന്ന് തെക്കോട്ട് സ്റ്റേറ്റ് വെയർഹൌസിന്റെ വടക്ക് ഭാഗം വരെ |
| | | | തെക്ക് - | സ്റ്റേറ്റ് വെയർഹൗസിന്റെ വടക്കുഭാഗത്ത് നിന്ന് പടിഞ്ഞാറോട്ട് മാറി വെയർഹൗസിന്റെ പടിഞ്ഞാറ് വശം ചേർന്ന് തെക്കോട്ട് നീങ്ങി വീണ്ടും പടിഞ്ഞാറ് പഷ്ണി തോട് വരെ |
| | | | പടിഞ്ഞാറ് - | പഷ്ണി തോട് ചേർന്ന് വടക്കോട്ട് പെരുവാരം ഈസ്റ്റ് ബ്രിഡ്ജ് വരെ |
| 16- | വാണിയക്കാട് | 1,000 | വടക്ക് - | പഷ്ണി തോട് നിന്ന് കിഴക്ക് മാറി സ്റ്റേറ്റ് വെയർഹൗസിന്റെ പടിഞ്ഞാറ് വശം ചേർന്ന് വടക്കോട്ടും അവിടെ നിന്ന് കിഴക്ക് നീങ്ങി നന്ദികുളങ്ങര - വാണിയക്കാട് റോഡ് വരെയും |
| | | | കിഴക്ക് - | നന്ദികുളങ്ങര - വാണിയക്കാട് റോഡ് നിന്ന് നാസർ ചിപ്സിന് സമീപം പറവൂർ നഗരസഭ - കൊട്ടുവള്ളി പഞ്ചായത്ത് അതിർത്തിയോട് ചേർന്ന് വഴികുളങ്ങര - ആനച്ചാൽ റോഡ് വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | തെക്ക് - | വഴികുളങ്ങര - ആനച്ചാൽ റോഡിൽ നിന്ന് പടിഞ്ഞാറോട്ട് നീങ്ങി വാണിയക്കാട് കുട്ടൻതുരുത്ത് റോഡ് ചേർന്ന് തെക്കോട്ടും അവിടെ നിന്ന് പറവൂർ നഗരസഭ - കൊട്ടുവള്ളി പഞ്ചായത്ത് അതിർത്തി ചേർന്ന് പഷ്ണി തോട് വരെയും അവിടെനിന്ന് തോട് ചേർന്ന് വടക്കോട്ട് വഴികുളങ്ങര - ആനച്ചാൽ റോഡിലും അവിടെനിന്ന് പടിഞ്ഞാറുനീങ്ങി കൂടംകുളം റോഡ് ചേരുന്ന ഭാഗം വരെയും |
| | | | പടിഞ്ഞാറ് - | കൂടംകുളം റോഡ് ചേർന്ന് വടക്കോട്ട് നീങ്ങി കിഴക്കൊട്ടുള്ള ബൈലെയിൻ ചേർന്ന് കിഴക്ക് പഷ്ണി തോട് വരെയും |
| 17- | വഴിക്കുളങ്ങര | 983 | വടക്ക് - | NH ബൈപാസിന് കിഴക്കുവശം പുക്കാട്ട് റോഡ്, ഞാറക്കാട്ട് റോഡ് എന്നിവ തിരിയുന്ന ഭാഗം മുതൽ ഞാറക്കാട്ട് റോഡ് ചേർന്ന് പൂശാരിപ്പടി ജംഗ്ഷൻ വരെയും അവിടെനിന്ന് NH 66 ചേർന്ന് തെക്കോട്ട് മാറി I MA ഹാളിന് സമീപം കിഴക്കോട്ടുള്ള വഴി ചേർന്ന് കിഴക്കേപ്രം UP സ്കൂൾ ചുറ്റി കിഴക്കോട്ട് ലിറ്റിൽ ഹാർട്സ് സ്കൂൾ റോഡ് ചേർന്ന് പഷ്ണി തോടിൽ കിഴക്കേപ്രം പാലം വരെയുള്ള ഭാഗം വരെയും |
| | | | കിഴക്ക് - | കിഴക്കേപ്രം പാലം മുതൽ തെക്കോട്ട് പഷ്ണി തോട് ചേർന്ന് കൂടംകുളം റോഡിൽ നിന്ന് കിഴക്കോട്ടുള്ള പോക്കറ്റ് റോഡ് തോട്ടിൽ ചേരുന്ന ഭാഗം വരെയും അവിടെ നിന്ന് പടിഞ്ഞാറ് ടി. പോക്കറ്റ് റോഡ് ചേർന്ന് കൂടംകുളം റോഡിലേക്കും അവിടെനിന്ന് കൂടംകുളം റോഡ് ചേർന്ന് തെക്കോട്ട് വഴികുളങ്ങര - ആനച്ചാൽ റോഡിലേക്കും തുടർന്ന് കിഴക്കോട്ട് പഷ്ണി തോട് വരെയും അവിടെനിന്ന് തെക്കോട്ട് പറവൂർ നഗരസഭ - കൊട്ടുവള്ളി പഞ്ചായത്ത് അതിർത്തി വരെയും |
| | | | തെക്ക് - | പഷ്ണി തോടിൽ വഴികുളങ്ങര - ആനച്ചാൽ റോഡിന് തെക്കായുള്ള പറവൂർ നഗരസഭ - കോട്ടുവള്ളി പഞ്ചായത്ത് അതിർത്തി മുതൽ അതേ അതിർത്തി ചേർന്ന് പടിഞ്ഞാറോട്ട് NH ബൈപാസ് വരെ |
| | | | പടിഞ്ഞാറ് - | NH ബൈപാസിൽ പറവൂർ നഗരസഭ - കോട്ടുവള്ളി പഞ്ചായത്ത് അതിർത്തി മുതൽ ബൈപാസ് ചേർന്ന് വടക്കോട്ട് പുക്കാട്ട് റോഡ്, ഞാറക്കാട്ട് റോഡ് എന്നിവ NH ബൈപാസിൽ ചേരുന്ന ഭാഗം വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 18- | കിഴക്കേപ്രം വെസ്റ്റ് | 1,019 | വടക്ക് - | പെരുവാരം കിഴക്കേക്കുളത്തിന് സമീപം പെരുവാരം മന്നം റോഡ് ചേർന്ന് പെരുവാരം ഈസ്റ്റ് ബ്രിഡ്ജ് വരെ |
| | | | കിഴക്ക് - | പെരുവാരം ഈസ്റ്റ് ബ്രിഡ്ജ് മുതൽ തെക്കോട്ട് പഷ്ണി തോട് ചേർന്ന് കിഴക്കേപ്രം പാലം വരെ |
| | | | തെക്ക് - | കിഴക്കേപ്രം പാലം മുതൽ പടിഞ്ഞാറോട്ട് ലിറ്റിൽ ഹാർട്സ് സ്കൂൾ റോഡ് ചേർന്ന് കിഴക്കേപ്രം UP സ്കൂൾ ജംഗ്ഷൻ വരെ |
| | | | പടിഞ്ഞാറ് - | കിഴക്കേപ്രം UP സ്കൂൾ ജംഗ്ഷൻ മുതൽ വടക്കോട്ട് പെരുവാരം - കിഴക്കേപ്രം റോഡ് ചേർന്ന് പെരുവാരം കിഴക്കേകുളത്തിന് സമീപം പെരുവാരം മന്നം റോഡ് വരെ |
| 19- | പെരുവാരം | 1,058 | വടക്ക് - | NH 66 ൽ നിന്ന് പെരുവാരം ക്ഷേത്രം പടിഞ്ഞാറെ നടയിലേക്ക് കിഴക്ക് - പടിഞ്ഞാറായി നേർരേഖയിൽ ഉള്ള റോഡ് ചേർന്ന് പടിഞ്ഞാറേ ക്ഷേത്രനട വരെയും വടക്കുഭാഗത്തുകൂടി ക്ഷേത്രത്തെ ചുറ്റിയശേഷം പെരുവാരം മന്നം റോഡിൽ കിഴക്കേകുളത്തിന് സമീപമുള്ള ഭാഗം വരെ |
| | | | കിഴക്ക് - | പെരുവാരം മന്നം റോഡിന്റെ കിഴക്കേകുളത്തിന് സമീപമുള്ള ഭാഗത്തുനിന്ന് തെക്കോട്ട് പെരുവാരം കിഴക്കേപ്രം റോഡ് ചേർന്ന് UP സ്കൂൾ ജംഗ്ഷന് തെക്കായുള്ള താമരക്കുളം കഴിഞ്ഞ് പടിഞ്ഞാറോട്ടുള്ള വഴി വരെ |
| | | | തെക്ക് - | UP സ്കൂൾ ജംഗ്ഷന് തെക്കുവശം താമരക്കുളം കഴിഞ്ഞുള്ള പടിഞ്ഞാറോട്ടുള്ള വഴി ചേർന്ന് I MA ഹാളിന് സമീപം NH 66 ൽ ചേരുന്ന ഭാഗം വരെ |
| | | | പടിഞ്ഞാറ് - | I MA ഹാളിന് സമീപമുള്ള NH 66 ന്റെ ഭാഗം മുതൽ വടക്കോട്ട് NH ചേർന്ന്  പെരുവാരം ക്ഷേത്രം പടിഞ്ഞാറെ നടയ്ക്ക് അഭിമുഖമായി കിഴക്ക് - പടിഞ്ഞാറായുള്ള റോഡ് NH 66 ൽ ചേരുന്ന ഭാഗം വരെ |
| 20- | സ്റ്റേഡിയം | 1,092 | വടക്ക് - | KMK ജംഗ്ഷൻ മുതൽ ഫോർട്ട് റോഡ് ചേർന്ന് പുല്ലംകുളം സ്കൂൾ ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | പുല്ലംകുളം സ്കൂൾ ജംഗ്ഷനിൽ നിന്ന് അംബേദ്കർ പാർക്ക് റോഡിലൂടെ പെരുവാരം ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയുടെ സമീപം വരെ |
| | | | തെക്ക് - | പെരുവാരം  ക്ഷേത്രത്തിന്റെ പടിഞ്ഞാറെ നടയിൽ നിന്ന് പടിഞ്ഞാറോട്ടുള്ള NH ലിങ്ക് റോഡ് വഴി NH 66 നോട് ചേർന്ന് തെക്കേ നാലുവഴി ജംഗ്ഷൻ വരെ |
| | | | പടിഞ്ഞാറ് - | തെക്കേ നാലുവഴി ജംഗ്ഷൻ മുതൽ NH 66 ചേർന്ന് KMK ജംഗ്ഷൻ v a r e |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 21- | കേസരി | 1,136 | വടക്ക് - | തെക്കേ നാലുവഴി ജംഗ്ഷൻ മുതൽ നിലവിലെ എൻ എച്ച് 66 ചേർന്ന് പെരുവാരം ക്ഷേത്രത്തിന് സമീപമായുള്ള എൻ എച്ച് വളവ് വരെ |
| | | | കിഴക്ക് - | എൻ എച്ച് 66 ചേർന്ന് തെക്കോട്ട് പൂശാരിപ്പടി ജംഗ്ഷൻ വരെ |
| | | | തെക്ക് - | പൂശാരിപ്പടി ജംഗ്ഷനിൽ നിന്ന് പടിഞ്ഞാറോട്ട് ഞാറക്കാട് റോഡ് ചേർന്ന് NH ബൈപാസ് വരെ |
| | | | പടിഞ്ഞാറ് - | NH ബൈപാസ് ചേർന്ന് വടക്കോട്ട് തെക്കേനാലുവഴി ജംഗ്ഷന് തെക്കുവശമായി പറവൂർ കോട്ടുവള്ളി റോഡ് NH ൽ ചേരുന്ന ഭാഗം വരെയും അവിടെ നിന്ന് ടി റോഡ് ചേർന്ന് വടക്കോട്ട് തെക്കേ നാലുവഴി ജംഗ്ഷൻ വരെയും |
| 22- | നന്ത്യാട്ടുകുന്നം | 1,153 | വടക്ക് - | അത്താണി മാജിസ്ട്രേറ്റ് കോടതിക്ക് വടക്കായുള്ള പോക്കറ്റ് റോഡിൽ നഗരസഭ - പഞ്ചായത്ത് അതിർത്തി മുതൽ കിഴക്കോട്ട് പറവൂർ - കോട്ടുവള്ളി റോഡിലേക്കും അവിടെനിന്ന് വടക്കോട്ട് പുക്കാട്ട് റോഡ് ചേരുന്ന ഭാഗം വരെയും അവിടെനിന്ന് ടി. റോഡ് ചേർന്ന് തോട് വരെയും |
| | | | കിഴക്ക് - | പുക്കാട്ട് റോഡിൽ തോട് ചേരുന്ന ഭാഗം മുതൽ ടി തോട് ചേർന്ന് തെക്കോട്ട് നീങ്ങി സർവ്വീസ് സ്റ്റേഷൻ റോഡിലേക്കും അവിടെനിന്ന് കിഴക്കോട്ട് NH ബൈപാസിലേക്കും |
| | | | തെക്ക് - | NH ബൈപാസിൽ നിന്ന് തെക്ക് മാറി നഗരസഭ - പഞ്ചായത്ത് അതിർത്തി വരെയും അവിടെ നിന്ന് അതേ അതിർത്തി ചേർന്ന് പടിഞ്ഞാറ് അത്താണി ജംഗ്ഷന് തെക്കായി തോട് വളഞ്ഞു ആവൂട്ടി റോഡ് വരെയും |
| | | | പടിഞ്ഞാറ് - | ആവൂട്ടി റോഡിൽനിന്ന് നഗരസഭ - പഞ്ചായത്ത് അതിർത്തി ചേർന്ന് വടക്കോട്ട് കോടതിക്ക് വടക്കായുള്ള പോക്കറ്റ് റോഡ് വരെ |
| 23- | തോന്ന്യകാവ് | 1,086 | വടക്ക് - | എൻ എച്ച് ബൈപാസ് ഗുരുവിലാസം റോഡിൽ ചേരുന്ന ഭാഗം മുതൽ ടി റോഡ് ചേർന്ന് നിലവിലെ എൻ എച്ച് 66 വരെയും തുടർന്ന് എൻ എച്ച് 66 നോട് ചേർന്ന് തെക്കേ നാലുവഴി ജംഗ്ഷൻ വരെയും അവിടെനിന്നും തെക്കോട്ട് പുതിയ എൻ എച്ച് ബൈപാസ് ചേരുന്ന ഭാഗം വരെ |
| | | | കിഴക്ക് - | തെക്കേ നാലുവഴി - എൻ എച്ച് ബൈപാസ് മുതൽ എൻ എച്ച് ബൈപാസ് ചേർന്ന് തോന്ന്യകാവ് സർവ്വീസ് സ്റ്റേഷൻ റോഡ് |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | തെക്ക് - | NH ബൈപാസിൽ വട്ടയത്തുകാവ് റോഡ് വന്നുചേരുന്ന ഭാഗം മുതൽ ടി. റോഡ് ചേർന്ന് പടിഞ്ഞാറോട്ട് രംഗനാഥ് ഓഡിറ്റോറിയത്തിന് സമീപം വടക്കോട്ടുള്ള പോക്കറ്റ് റോഡ് ചേർന്ന്  തോടിലേക്കും അതുവഴി പുക്കാട്ട് റോഡ് വരെയും അവിടെനിന്ന് പടിഞ്ഞാറോട്ട് തോന്ന്യകാവ് അമ്പലക്കുളത്തിന് തെക്കായി പറവൂർ - കൊട്ടുവള്ളി റോഡിൽ ചേർന്ന് അവിടെനിന്ന് ടി. റോഡ് ചേർന്ന് തെക്കോട്ട് അത്താണി ജംഗ്ഷന് മുൻപായി കോടതിക്ക് വടക്കുവശമുള്ള പടിഞ്ഞാറോട്ടുള്ള പോക്കറ്റ് റോഡിൽ പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തി വരെയും |
| | | | പടിഞ്ഞാറ് - | കോടതിക്ക് വടക്കുവശമായുള്ള പോക്കറ്റ് റോഡിൽ നഗരസഭ - പഞ്ചായത്ത് അതിർത്തി മുതൽ അതേ അതിർത്തി ചേർന്ന് വടക്കോട്ട് തോന്ന്യകാവ് സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന് പടിഞ്ഞാറ് വശമായുള്ള വഴിചേർന്ന് തോന്ന്യകാവ് - കണ്ണൻചിറ റോഡിലേക്കും അവിടെനിന്ന് ജനത റോഡ് ചേർന്ന് വടക്കോട്ട് S ക്രോസ്സ് റോഡ് വരെയും |
| 24- | SNV സ്കൂൾ | 1,072 | വടക്ക് - | വെളുത്താട്ട് ക്ഷേത്രത്തിന് കിഴക്കുവശമുള്ള ജംഗ്ഷൻ മുതൽ തോട് ചേർന്ന് S ക്രോസ്സ് റോഡ് വരെയും അവിടെനിന്ന് S ക്രോസ്സ് റോഡ് ചേർന്ന് കിഴക്കോട്ട് ജനത റോഡ് ചേരുന്ന ഭാഗം വരെയും |
| | | | കിഴക്ക് - | S ക്രോസ്സ് റോഡിൽ നിന്നും തെക്കോട്ട് ജനത റോഡ് ചേർന്ന് തോന്ന്യകാവ് - കണ്ണൻചിറ റോഡിലേക്കും അവിടെനിന്ന് സുബ്രഹ്മണ്യസ്വാമി ക്ഷേത്രത്തിന്റെ പടിഞ്ഞാറുവശം ചേർന്നുള്ള വഴിയിലൂടെ പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തിയിലേക്കും അവിടെ നിന്ന് അതിർത്തി ചേർന്ന് കണ്ണൻചിറ തോട് വരെയും |
| | | | തെക്ക് - | കണ്ണൻചിറ തോട് ചേർന്ന് വടക്കോട്ട് ആർകെ മെഡിക്കൽസിന് സമീപം കിഴക്കോട്ടുള്ള റോഡിൽ തോട് ചേരുന്ന ഭാഗം വരെ |
| | | | പടിഞ്ഞാറ് - | കണ്ണൻചിറ തോട് ചേരുന്ന ഭാഗം മുതൽ ആർകെ മെഡിക്കൽസിന് സമീപം കിഴക്കോട്ടുള്ള റോഡ് ചേർന്ന് തോന്ന്യകാവ് - കണ്ണൻചിറ റോഡ് വരെയും അവിടെനിന്ന് വടക്കോട്ട് വെളുത്താട്ട് ലിങ്ക് റോഡ് ചേർന്ന് വെളുത്താട്ട് ക്ഷേത്രത്തിന് കിഴക്കുള്ള ജംഗ്ഷൻ വരെയും |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| 25- | കണ്ണൻചിറ | 980 | വടക്ക് - | തലക്കാട്ട് ടെമ്പിൾ റോഡിൽ പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തി മുതൽ കിഴക്കോട്ട് പെരുമ്പടന്ന - ചാത്തനാട് റോഡ് വരെയും അവിടെ നിന്ന് ടി. റോഡ് ചേർന്ന് തെക്കോട്ട് വെളുത്താട്ട് ടെമ്പിൾ റോഡ് ചേരുന്ന ഭാഗം വരെയും അവിടെനിന്ന് കിഴക്കോട്ട് വെളുത്താട്ട് ടെമ്പിൾ റോഡ് ചേർന്ന് വെളുത്താട്ട് ക്ഷേത്രത്തിന് കിഴക്കുവശമുള്ള ജംഗ്ഷൻ വരെയും |
| | | | കിഴക്ക് - | വെളുത്താട്ട് ക്ഷേത്രത്തിന് കിഴക്കായുള്ള ജംഗ്ഷനിൽ നിന്ന് തെക്കോട്ട് വെളുത്താട്ട് ലിങ്ക് റോഡ് ചേർന്ന് തോന്ന്യകാവ് - കണ്ണൻചിറ റോഡിലേക്കും അവിടെനിന്ന് ടി. റോഡ് ചേർന്ന് ആർകെ മെഡിക്കൽസിന് സമീപം കിഴക്കോട്ടുള്ള റോഡ് വന്നുചേരുന്ന ഭാഗം വരെയും അവിടെനിന്ന് ടി. റോഡ് ചേർന്ന് പടിഞ്ഞാറോട്ട് കണ്ണൻചിറ തോട് ചേരുന്ന ഭാഗം വരെയും തുടർന്ന് തെക്കോട്ട് തോട് ചേർന്ന് കണ്ണൻചിറ ജംഗ്ഷന് തെക്ക്-കിഴക്കായി പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തി വരെയും |
| | | | തെക്ക് - | കണ്ണൻചിറ ജംഗ്ഷന് തെക്ക് - കിഴക്കായി പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തി മുതൽ അതേ അതിർത്തി ചേർന്ന് പടിഞ്ഞാറോട്ട് കൊട്ടുവോടത്ത് വേട്ടയ്ക്കൊരു മകൻ കളരി ക്ഷേത്രത്തിന് സമീപമുള്ള ഭാഗം വരെ |
| | | | പടിഞ്ഞാറ് - | കൊട്ടുവോടത്ത് വേട്ടയ്ക്കൊരു മകൻ കളരിക്ഷേത്രത്തിന്റെ സമീപം പറവൂർ നഗരസഭ - എഴിക്കര പഞ്ചായത്ത് അതിർത്തി മുതൽ അതേ അതിർത്തി ചേർന്ന് വടക്കോട്ട് തലക്കാട്ട് ടെമ്പിൾ റോഡിൽ നഗരസഭ - പഞ്ചായത്ത് അതിർത്തി ചേരുന്ന ഭാഗം വരെ |
| 26- | കെടാമംഗലം സൗത്ത് | 1,022 | വടക്ക് - | പെരുമ്പടന്ന -ചാത്തനാട് റോഡിൽ നിന്ന് കിഴക്കോട്ട് പെരുമ്പോടത് റോഡ് ചേർന്ന് പെരുമ്പോടത് - ശാന്തിനഗർ ലിങ്ക് റോഡ് വരെയും അവിടെ നിന്ന് വടക്കോട്ട് നീങ്ങി ശാന്തിനഗർ റോഡ് വരെയും , ടി റോഡ് ചേർന്ന് മംഗലത്തു ക്ഷേത്രത്തിനു സമീപം വടക്കോട്ട് നീങ്ങി NH ബൈപാസ്സ് വരെയും |
| | | | കിഴക്ക് - | NH ബൈപാസ് ചേർന്ന് തെക്കോട്ട് S ക്രോസ്സ് റോഡ് ചേരുന്ന ഭാഗം വരെ |
| | | | തെക്ക് - | NH ബൈപാസിൽ ചേരുന്ന ഭാഗം മുതൽ S ക്രോസ്സ് റോഡ് ചേർന്ന് പടിഞ്ഞാറോട്ട് വെളുത്താട്ട് ക്ഷേത്രത്തിന് കിഴക്കുള്ള ജംഗ്ഷൻ വരെയും അവിടെനിന്ന് വെളുത്താട്ട് ടെമ്പിൾ റോഡ് ചേർന്ന് പെരുമ്പടന്ന ചാത്തനാട് റോഡിൽ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | | ചേരുന്ന ഭാഗം വരെയും.അവിടെനിന്ന് തെക്കോട്ട് നീങ്ങി പടിഞ്ഞാറോട്ടുള്ള തലക്കാട്ട് ടെംപിൾ റോഡിൽ പഞ്ചായത്ത് അതിർത്തി വരെ |
| | | | പടിഞ്ഞാറ് - | തലക്കാട്ട് ടെംപിൾ റോഡിൽ പഞ്ചായത്ത് അതിർത്തി മുതൽ നഗരസഭാ പഞ്ചായത്തു അതിർത്തി ചേർന്ന് ശാന്തിനഗർ റോഡിനു വടക്ക് നീങ്ങി പടിഞ്ഞാറോട്ടുള്ള ബൈലൈനിൽ പഞ്ചായത്ത് അതിർത്തി വരെയും ടി ബൈലൈൻ ചേർന്ന് കിഴക്കോട്ട് പറവൂർ ചാത്തനാട് റോഡ് വരെയും |
| 27- | കെടാമംഗലം നോർത്ത് | 1,145 | വടക്ക് - | പഞ്ചായത്ത് റോഡിന് സമീപം നഗരസഭ പഞ്ചായത്ത് അതിർത്തി മുതൽ കിഴക്കോട്ട് പറവൂർ ചാത്തനാട് റോഡ് വരെയും അവിടെ നിന്നും തെക്കോട്ട് ആരോഗ്യമാതാ പള്ളിക്ക് കിഴക്ക് വശമായുള്ള ചർച്ച് റോഡിലേക്കും ടി റോഡ് ചേർന്ന് കിഴക്കോട്ട് എൻ എച്ച് ബൈപാസ് വരെയും |
| | | | കിഴക്ക് - | ചർച്ച് റോഡ് എൻ എച്ച് ബൈപാസിൽ ചേരുന്ന ഭാഗം മുതൽ തെക്കോട്ട് ബൈപാസ് ചേർന്ന് ശാന്തിനഗർ പെരുമ്പോടത്ത് ലിങ്ക് റോഡ് വരെയും അവിടെ നിന്നും ടി റോഡ് ചേർന്ന് പെരുമ്പോടത്ത് റോഡ് വരെയും |
| | | | തെക്ക് - | ശാന്തിനഗർ പെരുമ്പോടത്ത് ലിങ്ക് റോഡ് പെരുമ്പോടത്ത് റോഡിൽ ചേരുന്ന ഭാഗം മുതൽ പെരുമ്പോടത്ത് റോഡ് ചേർന്ന് പടിഞ്ഞാറോട്ട് പറവൂർ ചാത്തനാട് റോഡ് വരെയും |
| | | | പടിഞ്ഞാറ് - | പെരുമ്പോടത്ത് റോഡ് പറവൂർ ചാത്തനാട് റോഡിൽ ചേരുന്ന ഭാഗം മുതൽ വടക്കോട്ട് പറവൂർ ചാത്തനാട് റോഡ് ചേർന്ന് പടിഞ്ഞാറോട്ടുള്ള പഞ്ചായത്ത് റോഡ് വരേയും അവിടെനിന്ന് ടി റോഡ് ചേർന്ന് നഗരസഭ- പഞ്ചായത്ത് അതിർത്തി വരേയും. |
| 28- | സമൂഹം സ്കൂൾ | 1,150 | വടക്ക് - | എൻ എച്ച് ബൈപാസ് ചേരുന്ന ഭാഗം മുതൽ റിപ്പബ്ലിക് റോഡ് ചേർന്ന് കിഴക്കോട്ട് KMK ജംഗ്ഷൻ വരെ |
| | | | കിഴക്ക് - | KMK ജംഗ്ഷൻ മുതൽ തെക്കോട്ട് NH 66 ചേർന്ന് ഗുരുവിലാസം റോഡ് ചേരുന്ന ഭാഗം വരെയും അവിടെ നിന്ന് ഗുരുവിലാസം റോഡ് ചേർന്ന് NH ബൈപാസ് വരെയും |
| | | | തെക്ക് - | ഗുരുവിലാസം റോഡ് NH ബൈപാസിൽ ചേരുന്ന ഭാഗം മുതൽ ബൈപാസ് ചേർന്ന് മംഗലത്ത് റോഡ് ബൈപാസിൽ ചേരുന്ന ഭാഗം വരെ |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | | | |
|---|---|---|---|---|
| | | | പടിഞ്ഞാറ് - | മംഗലത്ത് റോഡ് NH ബൈപാസിൽ ചേരുന്ന ഭാഗം മുതൽ മംഗലത്ത് റോഡ് ചേർന്ന് വടക്കോട്ട് റിപ്പബ്ലിക് റോഡ് NH ബൈപാസിൽ ചേരുന്ന ഭാഗം വരെ |
| 29- | പെരുമ്പടന്ന സൗത്ത് | 1,153 | വടക്ക് - | പെരുമ്പടന്ന മസ്ജിദിന് തെക്കുവശമുള്ള തോട് ചേർന്ന് നഗരസഭ - പഞ്ചായത്ത് അതിർത്തിയിൽ നിന്നും കിഴക്കോട്ട് പെരുമ്പടന്ന ചാത്തനാട് റോഡ് വരെയും അവിടെ നിന്ന് വടക്കോട്ട് പെരുമ്പടന്ന ജംഗ്ഷൻ വരെയും അവിടെനിന്ന് റിപ്പബ്ലിക് റോഡ് ചേർന്ന് NH ബൈപാസ് വരെയും |
| | | | കിഴക്ക് - | NH ബൈപാസിൽ നിന്ന് തെക്കോട്ട് ചർച്ച് റോഡ് എൻ എച്ച് ബൈപ്പാസിനോട് ചേരുന്ന ഭാഗംവരെ |
| | | | തെക്ക് - | ചർച്ച് റോഡ് എൻ എച്ച് ബൈപ്പാസിനോട് ചേരുന്ന ഭാഗം മുതൽ പടിഞ്ഞാറോട്ട് പെരുമ്പടന്ന ചാത്തനാട് റോഡ് വരെ |
| | | | പടിഞ്ഞാറ് - | പെരുമ്പടന്ന ചാത്തനാട് റോഡ് വടക്കോട്ട് ചേർന്ന് തോടിനു സമീപമുള്ള പഞ്ചായത്ത് റോഡ് വരെയും അവിടെ നിന്ന് ടി റോഡ് ചേർത്ത് നഗരസഭ പഞ്ചായത്ത് അതിർത്തി വരെ. |
| 30- | പെരുമ്പടന്ന | 958 | വടക്ക് - | പുത്തൻ തോടിന് സമീപം അണ്ടിശ്ശേരി ടെമ്പിൾ റോഡ് ചേർന്ന്കിഴക്കോട്ട് NH ബൈ പാസ്സ് വരെ |
| | | | കിഴക്ക് - | NH ബൈപാസ് ചേർന്ന് തെക്കോട്ട് ഇൻഫെന്റ് ജീസസ് ലിങ്ക് റോഡ് വരെയും അവിടെനിന്ന് ടി. റോഡ് ചേർന്ന് തെക്ക് റോസ് ലേയിനിന് എതിർവശമായി റിപ്പബ്ലിക് റോഡിൽ ചേരുന്ന ഭാഗം വരെ |
| | | | തെക്ക് - | റോസ് ലെയിനിന് എതിർവശമായി റിപ്പബ്ലിക് റോഡിൽ ചേരുന്ന ഭാഗം മുതൽ പടിഞ്ഞാറോട്ട് പെരുമ്പടന്ന ജംഗ്ഷൻ വരെയും അവിടെനിന്ന് തെക്കോട്ട് ചാത്തനാട് റോഡ് ചേർന്ന് പെരുമ്പടന്ന മസ്ജിദിന് തെക്കായിയുള്ള തോട് ചേർന്ന് കിഴക്കോട്ട് നഗരസഭ - പഞ്ചായത്ത് അതിർത്തി വരെയും |
| | | | പടിഞ്ഞാറ് - | പെരുമ്പടന്ന മസ്ജിദിന് തെക്കായുള്ള തോടിൽ നഗരസഭ അതിർത്തി മുതൽ ടി. അതിർത്തി ചേർന്ന് വടക്കോട്ട് പുത്തൻ തോടിലേക്കും തുടർന്ന് പുത്തൻ തോട് ചേർന്ന് അണ്ടിശ്ശേരി ടെമ്പിൾ റോഡ് ചേരുന്ന ഭാഗം വരെയും |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/